**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- കാസറഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ ഉദുമ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി.ശ്രുപിക.പി.വി യുടെ ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം. 1350/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 16/05/2018

===========================================================

പരാമർശം: 1) 14.06.1994 ലെ 36/94/ധന നമ്പർ സർക്കുലർ.

2) പള്ളിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 23.08.2017 ലെ എസ്. സി1/5083/17 നമ്പർ നടപടിക്രമം.

3) ശ്രീമതി.ശ്രുപിക.പി.വി യുടെ 19.08.2017 ലെ ശൂന്യവേതനാവധിയപേക്ഷ.

4) പഞ്ചായത്ത് ഡയറക്ടറുടെ 13.03.2018 ലെ ഇ 6-17083/17 നമ്പർ കത്ത്.

**ഉത്തരവ്**

കാസറഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ ഉദുമ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി.ശ്രുപിക.പി.വി യ്ക്ക് 25.01.2017 മുതൽ 30.06.2017 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിയ്ക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി.ശ്രുപിക.പി.വി, 13.02.2014 ന് സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് 25.01.2017 മുതൽ 25.05.2017 വരെ പള്ളിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ആയതിന് തുടർച്ചയായി കെ.എസ്.ആർ, ഭാഗം 1, അപ്പൻഡിക്സ് XII C ശൂന്യവേതനാവധി അനുവദിക്കണമെന്ന ടിയാളുടെ ആവശ്യം നിരസിച്ചിരുന്നെങ്കിലും ടിയാൾ അവധിയിൽ തുടരുകയും 01.07.2017 ൽ സേവനത്തിൽ പുന:പ്രവേശിക്കുകയും ചെയ്തു. ടിയാൾക്ക് പള്ളിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ശൂന്യവേതനാവധി പരാമർശം(2) പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്.

3. പങ്കാളിക്കൊപ്പം താമസിക്കുന്നതിനായി കെ.എസ്.ആർ. ഭാഗം 1 അനുബന്ധം 12 സി പ്രകാരമുള്ള അവധി മാത്രമേ അനുവദിക്കാനാകൂ. കെ.എസ്.ആർ. ഭാഗം 1 അനുബന്ധം XII C ചട്ടം 1 ന് താഴെയുള്ള കുറിപ്പ് പ്രകാരം 3 മാസത്തേക്ക് മാത്രം 'ordinary leave' അനുവദിക്കാവുന്നതും, ഇതിന് തുടർച്ചയായി അവധി ആവശ്യപ്പെടുന്ന പക്ഷം മുഴുവൻ കാലയളവും മുൻകാലപ്രാബല്യത്തോടെ കെ.എസ്.ആർ. ഭാഗം 1 അനുബന്ധം XII C പ്രകാരമുള്ള ശൂന്യവേതനാവധിയായി പരിവർത്തനം ചെയ്യേണ്ടതുമാണ്. 13.02.2014-ൽ

സേവനത്തിൽ പ്രവേശിച്ച ശ്രീമതി.രൂപിക.പി.വിയ്ക്ക് തുടർച്ചയായ 3 വർഷത്തെ സേവനത്തിന്റെ അഭാവത്തിൽ മൂന്നു മാസത്തെ ശൂന്യവേതനാവധിക്ക് (ordinary leave) മാത്രമേ അർഹതയുള്ളൂ.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ ഉദുമ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി.രൂപിക.പി.വി യ്ക്ക് 25.01.2017 മുതൽ 30.06.2017 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ശ്രീമതി.രൂപിക.പി.വി യുടെ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധം 'നോൺ ഡ്യൂട്ടിയായി 'ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ് സി സ്റ്റീഫൻ**

ഗവ. ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്(പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, പള്ളിക്കര ഗ്രാമപഞ്ചായത്ത്, കാസറഗോഡ്(പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, ഉദുമ ഗ്രാമപഞ്ചായത്ത്, കാസറഗോഡ്(പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീമതി.രൂപിക.പി.വി, ക്ലാർക്ക്, ഉദുമ ഗ്രാമപഞ്ചായത്ത്, കാസറഗോഡ്(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധന വകുപ്പ്(11.04.2018 ലെ DEV-1/688014/2017 ധന നമ്പർ കുറിപ്പ് പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(304/ഇപിഎ 1/2017/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ